ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെൻറ്
പ്രജോ ടവേഴ്സ് , വഴുതക്കാട് ,
തിരുവനന്തപുരം-14

പരി. നമ്പർ. 18/2010/ ഇബി2/ എച്ച്. ആർ.ഡി തീയതി 05.10.10

## പരിപത്രം

വിഷയം - ഐ.എച്ച്.ആർ.ഡി സ്ഥാപന ങ്ങളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ഡ്യൂട്ടി നിർവ്വചനം - സംബന്ധിച്ച്.
സൂചന - ഉത്തരവ് നമ്പർ ഇബി2/6982/2010/ എച്ച്.ആർ.ഡി തീയതി 05.10.2010

ഐ.എച്ച്.ആർ.ഡിയുടെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ ഒഴിവുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ തസ്തികകളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് നൽകിയ വിജ്ഞാപനം നം. Rectt/03/09/എച്ച്.ആർ.ഡി തീയതി 31.01.2009 ൽ ഐ.എച്ച്.ആർ.ഡി ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽപ്പെടുന്ന എല്ലാ തസ്തികകളിലേക്കും പ്രസ്തുത വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന പട്ടികയിൽ നിന്നും നിയമനം നടത്തുമെന്ന് പ്രതിപാദിച്ചിരുന്നു. ടി റാങ്ക് ലിസ്റ്റിൽ നിന്നും സ്ഥിരം തസ്തികകളിലേക്ക് ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ നിയമിച്ചു ഉത്തരവാകുകയുണ്ടായി. ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ മുമ്പ് തന്നെ എല്ലാ സ്ഥാപനങ്ങളിലും അറിയിച്ചിട്ടുള്ളതാകുന്നു . എന്നാൽ ചില സ്ഥാപന മേധാവികൾ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സേവന വ്യവസ്ഥകളെ കുറിച്ച് ചില സംശയങ്ങൾ ഉന്നയിക്കുകയുണ്ടായി. ടി സംശയങ്ങളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

10.08.1989 ലെ G.O(ms)No 159/89/H. Edn സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുള്ള ഐ.എച്ച്.ആർ.ഡി സർവ്വീസ് റൂൾസ് ചാപ്റ്റർ - 1 ക്ലാസ്സ് - 8 പ്രകാരം ഐ.എച്ച്.ആർ.ഡി ഹെഡ്ക്വാർട്ടേഴ്സിലേയും അനുബന്ധ സ്ഥാപനങ്ങളിലേയും ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ താഴെ പറഞ്ഞിരിക്കുന്ന വിഭാഗത്തിലും പെടുന്നതാണ്. ആയത് 1. പ്യൂൺ 2. വാച്ചർ 3. ഗാർഡനർ 4. ക്ലീനർ 5. സ്വീപ്പർ 6. സ്കാവഞ്ചർ എന്നിവയാണ്. സർവ്വീസ് ചട്ട പ്രകാരം ഇവരുടെ കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത എട്ടാം തരം പാസ്സായിരിക്കണമെന്നതാണ്. ഐ.എച്ച്.ആർ.ഡി യിൽ ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ തെരഞ്ഞെടുക്കപ്പെടുന്ന എല്ലാവരും മേൽ പറഞ്ഞ വിഭാഗങ്ങൾക്കായി അനുശാസിക്കപ്പെടുന്ന ജോലികൾ ചെയ്യേണ്ടതാണ്.

2. ഐ.എച്ച്.ആർ.ഡി സ്ഥാപനങ്ങളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ഡ്യൂട്ടി സമയം രാവിലെ 8.30 മുതൽ വൈകുന്നേരം 5.30 വരെയോ, വൈകുന്നേരം 5.30 മുതൽ അടുത്ത ദിവസം രാവിലെ 8.30 വരെയോ ആയി നിജപ്പെടുത്തിയിട്ടുണ്ട്.പകരം ഡ്യൂട്ടിക്കാരന് ചാർജ് ഏൽപ്പിക്കാതെ ഡ്യൂട്ടിയിൽ നിന്നും വിട്ടു നിൽക്കുകയോ മുന്നറിയിപ്പില്ലാതെ ഡ്യൂട്ടിക്ക് ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ജീവനക്കാരുടെ മേൽ കർശന നടപടി സ്വീകരിക്കേണ്ട ചുമതല സ്ഥാപന മേധാവിയിൽ നിക്ഷിപ്തമാണ്. ഒഴിവു ദിവസങ്ങളിലും രാത്രിയിലും ഡ്യൂട്ടിക്ക് കൃത്യമായി ഹാജരാകുന്നുണ്ടോയെന്ന് മുന്നറിയിപ്പില്ലാതെ പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. പാർട്ട് - ടൈം സ്വീപ്പർമാരുടെ ഡ്യൂട്ടി സമയം രാവിലെ 7.30 മുതൽ 11.30 വരെയാണ് .പാർട്ട് - ടൈം സ്വീപ്പർ ഇല്ലാത്തതോ കുറവോ ആയ സ്ഥാപനങ്ങളിലും ഉള്ള സ്ഥാപനങ്ങളിൽ അവരുടെ അഭാവത്തിലും ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ സ്വീപ്പർ ജോലിയും ചെയ്യേണ്ടതാണ്.

4. സെക്യൂരിറ്റി ജീവനക്കാരുടെ കുറവുള്ള സ്ഥാപനങ്ങളിലും അവർ ഇല്ലാത്ത സ്ഥാപനങ്ങളിലും ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ വാച്ച്മാന്റെ ഡ്യൂട്ടിയും നോക്കാൻ ബാധ്യസ്ഥരാണ്.

5. വനിതാ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ രാത്രികാലങ്ങളിൽ/ അവധി ദിവസങ്ങളിൽ ഡ്യൂട്ടിയിൽ നിയോഗിക്കാൻ പാടുള്ളതല്ല.

6. സെക്യൂരിറ്റി ജീവനക്കാരുടെ തസ്തിക അനുവദിച്ചിട്ടില്ലാത്ത സ്ഥാപനത്തിലും അനുവദിച്ചിട്ടുള്ളിടത്ത് അവരുടെ അഭാവത്തിലും അവധി/ വാരാന്ത്യ അവധി ദിവസങ്ങളിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ വാച്ച്മാന്റെ ജോലിയും നോക്കേണ്ടതാണ്. അവർ നിയമാനുസൃതമായ കോംപൻസേഷൻ ഓഫിനു അർഹരായിരിക്കും. ഈ നിയമാനുസൃത ഓഫുകൾ ഡ്യൂട്ടി ചെയ്യുന്ന അവധി ദിവസത്തിന് തുടർന്നു വരുന്ന പ്രവർത്തി ദിവസങ്ങളിൽ പ്രയോജനപ്പെടുത്തേണ്ടതാണ്. ഇതിനായി ഒരു പ്രത്യേക രജിസ്റ്റർ സ്ഥാപന മേധാവി സൂക്ഷിക്കേണ്ടതാണ്. പ്രതിവർഷം പതിനഞ്ച് കോമ്പൻസേഷൻ ഓഫ് മാത്രമേ അനുവദിക്കാവൂ എന്ന നിയമം ഇവിടെ ബാധകമാക്കേണ്ടതില്ല.

7. സ്ഥാപന മേധാവിക്ക് ആവശ്യമെന്നു കണ്ടാൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ ഖണ്ഡിക(1)ൽ പറഞ്ഞിരിക്കുന്നതും അവരുടെ സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ളതുമായ ഏതു വിഭാഗത്തിൽപ്പെട്ട ജോലിക്കും നിയോഗിക്കുവാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

8. മേൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ വീഴ്ച്ച വരുത്തുന്ന ജീവനക്കാരുടെ മേൽ കർശനമായ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്.

ഈ പരിപത്രം എല്ലാ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും രേഖാമൂലം നൽകേണ്ടതാണ്. കൂടാതെ ഈ പരിപത്രം ലഭിച്ചുവെന്ന വിവരം ഇ- മെയിൽ വഴി ഹെഡ് ക്വാർട്ടേഴ്സിൽ അറിയിക്കേണ്ടതാണ്.

ഒപ്പ്
പ്രൊഫ്. വി സുബ്രമണി
ഡയറക്ടർ

പകർപ്പ്

1. ഐ.എച്ച്.ആർ.ഡിയിലെ അനുബന്ധ സ്ഥാപനങ്ങളിലെ മേധാവികൾക്ക്.
2. ജോയിന്റ് ഡയറക്ടർ
3. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
4. ഫിനാൻസ് ഓഫീസർ
5. ഹെഡ്ക്വാർട്ടേഴ്സിലെ സെക്ഷൻ മേധാവികൾ
6. കരുതൽ ഫയൽ
7. ഓഫീസ് പകർപ്പ്.

അംഗീകാരത്തോടെ

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ